# ജ്യോതിസ്

## ബി.ബി.ജി.എച്ച്.എസ്സ്

## നങ്ങ്യാർകുളങ്ങര

## ലിറ്റിൽ കൈറ്റ്സ്-2019-20



# എഡിറ്റോറിയൽ ബോർഡ്

**നന്ദിത . എൻ**

**അമൃത . വി**

**അതുല്യ**

**നമിത രാജ്**

**സോന ആർ**

**കൃപ ഹന്ന ഷിജു**

# എഡിറ്റോറിയൽ

ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ 'ജ്യോതിസ് 'എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നതിൽ വളരെയധികം അഭിമാനിക്കുന്നു. സ്കൂളിലെ വിദ്യാർത്ഥിനികളുടെ സർഗവാസനകളെ കോർത്തിണക്കി വിവരസാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഭാഗമായ ലിറ്റിൽ കൈറ്റ് അംഗങ്ങൾ പ്രസിദ്ധീകരിക്കുന്ന ഈ മാഗസിന് ഭാവുകങ്ങളും നേരുന്നു. ഇതിൽ സഹകരിച്ച എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ നേർന്നുകൊണ്ട്..........

കൈറ്റ് മാസ്റ്റേഴ്സ്

ഷൈനി ജോയി

ജെസ്സി .എം .കെ .

# ആശംസ



ലിറ്റിൽകൈറ്റ്സിൻെറ ആഭിമുഖ്യത്തിൽ

പ്രസിദ്ധീകരിക്കുന്ന 'ജ്യോതിസ് ' എന്ന ഡിജിറ്റൽ

മാഗസ്സിന് എല്ലാവിധ ആശംസകളും നേരുന്നു

**സിസ്ററർ . രാജിത .SIC**

**ഹെഡ്മിസ്സ്ട്രസ്സ്**

# മഴമന്ത്രം

മഴയും കൊണ്ടൊരു മുകിൽ വന്നു

മുകിലുതടുക്കാൻ മല നിന്നു



മലയിൽ അങ്ങനെ മഴ വന്നു

മഴവെള്ളത്തിൽ പുഴവന്നു.

മഴയതുതിന്നാൽ ജലമില്ല

മരങ്ങൾതിങ്ങും മലയില്ല

മലയിൽ നിന്നൊരു പുഴയില്ല

മണ്ണിനു മറ്റൊരു ഗതിയില്ല.

മഴയതുപെയ്യാൻ മലവേണം

മരങ്ങൾ നട്ടുപിടിപ്പിക്കാം

മാനവരാശിക്കുയിരേകാം!

ശീതൾ10f

# ജീവൽസ്പന്ദനങ്ങൾ

എന്റെ ഭ്രമിയായ് വെള്ളമായ് വായുവായ്



എന്റെ നിത്യനിദാനമാം സ്നേഹമേ

നെഞ്ചിൽ നീർവീഴ്ച ഞെക്കി ഞെരുക്കവേ

നെല്ലരിത്തിള വെള്ളപ്പകർച്ചയായ്

എൻ മുറിപ്പാടു പൊത്തിപൊതിഞ്ഞിട്ടും

പഞ്ഞിയായ് നേർത്ത ശീലയായ് ചീന്തലായ്

എന്റെ വേരിന്റെ മണ്ണിൽ വളങ്ങളായ്

എന്റെ ചില്ലയ്ക്കു സൂര്യപ്രകാശമായ്

എന്റെ അന്നമായ് ഉപ്പായ് അനച്ചമായ്

എന്റെ നിത്യനിദാനമാം സ്നേഹമേ

(സ്നേഹത്തിന്റെ വർത്തമാനം)

അനന്യ എസ്



# പൂന്തോട്ടം

മിന്നിവിനുണ്ടരു പൂന്തോട്ടം
പൂക്കൾ നിറയും പൂന്തോട്ടം
ചോന്നുതുടുത്തൊരു റോസാപ്പൂ
വെള്ളവെള്ളമിന്നും തുമ്പപ്പൂ
തിങ്ങി നിറഞ്ഞൊരു പൂന്തോട്ടം

ആഹാ! കാണാൻ എന്തു രസം
പൂന്തേനുണ്ണാൻ വരവായി
പൂമ്പാറ്റകളും തേനിച്ചയും
കുഞ്ഞിക്കിളികളും കുട്ടികളും
മൂളിപ്പായും കരിവണ്ടും
പാറിനടക്കും പൂന്തോട്ടം

ആഹാ! കാണാൻ എന്തു രസം.

കൃപ ഹന്ന ഷിജു



# വിദ്യാഭ്യാസത്തിൽ കലയുടെ പങ്ക്

“മനുഷ്യനിലുള്ള സമ്പൂർണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം.” സ്വാമി വിവേകാനന്ദന്റെ ഈ വാക്കുകൾ വിദ്യാഭ്യാസമെന്നത് പാഠപുസ്തകത്തിൽ മാത്രം ഒതുക്കേണ്ട ഒന്നല്ല, എന്ന് വ്യക്തമാക്കുന്നു.കേവലം പഠനവിജയത്തിന പ്പുറം ഒരു മനുഷ്യന്റെ സമഗ്രമായ വികസനമാണ് വിദ്യാഭ്യാ സം ലക്ഷ്യം വെക്കുന്നത് . ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങു ന്ന പഠനംകൊണ്ട് ഒരു വിദ്യാർത്ഥിയുടെ സർവ തോമുഖ മായ വികാസം സാധ്യമാവുകയില്ല . ഓരോ വിദ്യാർത്ഥിയിലും ജന്മസിദ്ധമായി ഏതെങ്കിലും തരത്തിലുള്ള കഴിവുകൾ ഉറങ്ങിക്കിടക്കുന്നുണ്ട് , അവയെ കണ്ടെത്താനും വളർത്തി

യെടുക്കാൻ കഴിയുമ്പോഴാണ് വിദ്യാഭ്യാസം എന്നതിന്റെ അർഥം പൂർണ്ണതയിലെത്തുന്നത് . ശാസ്ത്ര സാമൂഹിക വിഷയങ്ങൾ കൂടുതൽ നന്നായി മനസ്സിലാക്കാനും കൂടുതൽ ആത്മവിശ്വാസത്തോടെ പഠനത്തെ കാണാനും കല കുട്ടികളെ സഹായിക്കുന്നു. സർഗവാസനകൾ വരുമ്പോൾ കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യവും വർധിക്കുന്നു. ഇത് കുട്ടികളുടെ പഠനത്തിന് ഏറെ ഗുണം ചെയ്യുന്നു, വിദ്യാഭ്യാസത്തിൽ കലയുടെ പങ്ക് തിരിച്ചറിഞ്ഞതുകൊണ്ടാണ് ഇന്ന്  വിദ്യാഭ്യാസമേഖലയിൽ പാഠ്യപദ്ധതിയോടൊപ്പം പാഠ്യേതര വിഷയങ്ങൾക്കും പ്രാധാന്യം

അനന്യ



# സ്നേഹപൂർവ്വം അമ്മ

അകലെ കിനാവിൻെറ ഉമ്മെറെത്തെന്നമ്മ

അരികെ എന്നെ നോക്കിമാടിവിളിക്കുന്നു

ചലിക്കാൻ കഴിയാതെ അതിരുക്കൾക്കിപ്പുറം

തളർന്നു  പോയ് ഞാനാസ്വരത്തിൻെറ മുൻപിൽ

തിരികെട്ടു പോയ വിളക്കിന്നരികിൽ ഞാൻ

തിരയുന്ന ജീവിത സൗഖ്യങ്ങളിക്കരെ

ഉരുകുന്നു മരുവിൻ അഗ്നിയിൽ ഉള്ളിലെ

കനവുമെന്നാരോഗ്യവും മാറുന്ന കാലത്തിലേറും

പരിഷ്കൃതിപേറുന്ന നീറുന്ന പാവം പ്രവാസികൾ

പേറുന്ന  നീറുന്ന പാവം പ്രവാസികൾ.

ദേവിക സി

# പ്ലാസ്റ്റിക് എന്ന വില്ലൻ

പ്ലാസ്റ്റിക് സൃഷ്ടിക്കുന്ന പരിസ്ഥിതി മലിനീകരണം വളരെ വലുതാണ്.ഇത് പരിഹരിക്കാനാണ് ഇ-മാലിന്യം കൊണ്ട് റോഡ് നിർമ്മിക്കുക എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചത് പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉപയോഗിച്ച് തദ്ദേശസ്വയഭരണം സ്ഥാപനങ്ങൾ 712km-ഉം PWD 194km-ഉം റോഡുകളും നിർമ്മിച്ചു 2018-ൽ 387km 2016-17 വെറും 51km-ഉം PWD മലപ്പുറം ജില്ലയാണ് മുൻപിൽ 1km റോഡിന് ഒരു ടൺ പ്ലാസ്റ്റിക് ആണ് ആവശ്യം 56 മൈക്രോണിക് താഴെയുള്ള പ്ലാസ്റ്റിക്കാണ് ഉപയോഗിക്കുന്നത് ഈ ഗ്രാന്യൂളുകൾ ടാറുമായി ചേർത്താണ് റോഡ് നിർമ്മിക്കുന്നത്

അതുല്യ
9 E

# നന്മയാകുന്ന കാന്തി



നന്മയാകുന്ന കാന്തി കാണുവാൻ

കണ്ണിനാകേണമേ

നല്ലവാക്കിന്റെ ശില്പ ചൊല്ലുവാൻ

നാവിനാകേണമേ

സ്നേഹമാകുന്ന ഗീതമോയെന്റെ

കാതിനിണയാകണേ

സത്യമെന്നുള്ള ശീലമോടെ ഞാൻ

ശാന്തിയറിയേണമേ

ഭൂമിയമ്മയെന്നറിയുവാനുള്ള

ബോധമുണ്ടാകണേ

ജീവജാലങ്ങളാകെയും

ജന്മ ബന്ധുനായിടണേ

ജാതിഭേതങ്ങളെന്ന ശാപമോ

ദൂരെ മറയേണമേ

ലോകമൊന്നെന്ന പാഠമെന്നുമെൻ

മനസ്സിലെഴുതേണമേ

*ജ്യോതിസ്*




# വീണ പൂവ്

ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീഭൂവിലസ്ഥിരയസംശയമിന്നു നിൻെറ
യാഭൂതിയെങ്ങു,പുനരെങ്ങു കിടപ്പിതോർത്താൽ

ലാളിച്ചു പെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽവെച്ചു നിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ.

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയമൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്ത്വവുമയേ, തെളിവാർന്ന താരാ
ജ്ജാലത്തോടുന്മുഖതയാർന്നു പഠിച്ചു രാവിൽ

–കുമാരനാശാൻ

# ജ്ഞാനത്തിൽ ഉറവിടമാം വിദ്യാലയം

അക്ഷരങ്ങൾ കളിയാടും വിദ്യാലയം

വിദ്യായാകുന്ന അര്യവിയാണെൻ വിദ്യലയം

സ്നേഹത്തിൽ മഴയാണെൻ വിദ്യാലയം

സൗഹൃദം തുളുമ്പും വിദ്യാലയം

അറിവാകും കടലാണെൻ വിദ്യാലയം

കനിവിൽ മാരുതൻ വീശും വിദ്യാലയം

എല്ലാവരും ഒന്നായ വിദ്യാലയം

എൻ വിദ്യാലയം എൻ വിദ്യാലയം

നന്ദിത .എൻ

# പുതുയുഗം

ഒരു പുതുയുഗ പിറവി കൂടിവന്നെത്തി
ആമോദത്തോടെ വരവേറ്റിടാനായ്
കരങ്ങൾ കോർത്തിടാം സോദരരെ
പ്രളയമെന്ന മഹാവിപത്തിനെ
കരുത്തോടെ നേരിട്ടൊരുമയോടെ
വരുംകാലമെന്തെല്ലാം നേരിടണ മെന്നറിയില്ലന്നിരിക്കിലും
നാം ഉൾക്കാമ്പിലൊന്നുറച്ചുറങ്ങിടേണ്ടവർ നമ്മൾ
ചരാചരജീവന്ന കാവലാളായ്
നമ്മെ സൃഷ്ടിച്ചതീശ്വരൻ
ഭൂമിയെ സ്വർഗമാക്കിടുവാനായി
തിരുഹിതമേറ്റെടുത്തിടാം
പരിസ്ഥിതി സംരക്ഷിച്ച് മുന്നേറിടാം
ജീവന്റെ തുടിപ്പുകൾക്കാശ്വാസമാകിടാം
ഒരുമയിലുണർവിൻ കരുത്തോടെ
പുതുയുഗത്തെ വരവേറ്റിടാം

**ഷേർളി തോമസ്**

**(അധ്യാപിക)**

# വിദ്യാർത്ഥികൾക്കുള്ള

# പഞ്ചശീലങ്ങൾ

**1.**സ്വയാവബോധം വരുത്തി ആത്മവിശ്വാസം വരുത്തുക. നിഷേധാത്മക ചിന്തകൾ കടന്നു വരാൻ അനുവദിക്കരുത്.

**2.**തത്സമയം പ്രവർത്തിക്കുന്ന സ്വഭാവം വളർത്തുക.നീട്ടിവയ്ക്കുന്ന സ്വഭാവം ഒരിക്കലും നല്ലതല്ല.

**3.**കഠിനാധ്വനം ചെയ്യുക.

**4.**ദു;സ്വാധീനത്തിൽ നിന്നും ഒഴിഞ്ഞുമാറുക.

**5.**ദൈവത്തിനു പ്രധാന സ്ഥാനം നൽകുക.

**നിരഞ്ജന രാധാകൃഷ്ണൻ**

**8.സി**

# നാടിന്റെ മുത്തച്ഛൻ

നമ്മൾക്കുണ്ടൊരു മുത്തച്ഛൻ
നന്മയെഴുന്നൊരു മുത്തച്ഛൻ
നമ്മുടെ നാടിനു സ്വാതന്ത്ര്യം
നേടിത്തന്നൊരു മുത്തച്ഛൻ!
അടിയും വെടിയും കൂസാതെ
അടിപിടി കൂട്ടാൻ പോകാതെ
അടിമത്തങ്ങൾ പൊട്ടിക്കാൻ
പാടുകൾപെട്ടു മുത്തച്ഛൻ
നല്ലതു മാത്രം ചെയ്യാനും
നല്ലവരായിത്തീരാനും
വഴികാണിച്ചു മുത്തച്ഛൻ
'ബാപ്പുജി 'എന്നൊരു മുത്തച്ഛൻ!

**റ്റിൻസി സാറാ സിമി**

**9 A**

# പ്ലാസ്റ്റിക് മലിനീകരണം

മനുഷ്യൻെറ ജീവിതരീതിയിലുണ്ടായ മാറ്റവും ജനപെരുപ്പവുമെല്ലാം ഭൂമിയെ വലിയൊരു മാലിന്യ കുമ്പാരമാക്കിക്കൊണ്ടിരിക്കുകയാണ്.വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികളും  മറ്റുമാണ് റോഡിലെങ്ങും പരിസര മലിനീകരണത്തിൽ ഏറ്റവും അപകടകരമായിട്ടുള്ളത്.ഇത്തരം പ്ലാസ്റ്റിക് മാലിന്യം കാരണം പ്ലാസ്റ്റിക്കിലടങ്ങിയിരിക്കുന്ന വിഷവസ്തുക്കൾ ജലത്തിനെയും മണ്ണിനെയും വായുവിനെയും ഒരുപോലെ മലിനമാക്കുന്നുണ്ട്.ഏതെങ്കിലും ഒരു പ്രദേശത്ത് പ്ലാസ്റ്റിക് കെട്ടികിടക്കുകയും അത് പരിസ്ഥിതിയുടെ സ്വാഭാവികതയ്ക്ക് ഭംഗം വരുത്തുകയോ മനുഷ്യനും മറ്റ് ജന്തുക്കൾക്കും സസ്യങ്ങൾക്കും

ജ്യോതിസ്

ദോഷകരമാവുകയോചെയ്യുന്നതിന് പ്ലാസ്റ്റിക് മലിനീകരണം എന്ന് പറയുന്നത്. എളുപ്പത്തിൽ രൂപപ്പെടുത്താൻ കഴിയുന്ന മൃദുവായ വസ്തു എന്നാണ് പ്ലാസ്റ്റിക് എന്ന വാക്കിന്റെ അർത്ഥം. ഭാരക്കുറവും അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്നതും പ്ലാസ്റ്റിക് ഉപയോഗത്തിന്റെ തോത് വർദ്ധിക്കുന്നതിനുള്ള കാരണങ്ങളാണ്. കത്തുമ്പോൾ സ്വതന്ത്രമാകുന്ന വാതകങ്ങൾ വായുമലിനീകരണത്തിന് കാരണമാകുന്നു.

**അമൃത.വി**

**9:E**

# ഭൂമിക്കൊരു ചരമഗീതം



"ഇനിയും മരിക്കാത്ത ഭൂമി
നിൻ ആസന്ന മൃതിയിൽ
നിനക്ക് ആത്മശാന്തി...
ഇത് നിന്റെ, എന്റേയും
ചരമശുശ്രൂഷക്കായി
ഹൃദയത്തിലെന്നേ
കുറിച്ച ഗീതം............"

ഒ.എൻ.വി



# സ്നേഹത്തിന്റെ വില

ജന്മനാ അന്ധയായ ഒരു ബാലികയെക്കുറിച്ചൊരു കഥയുണ്ട് . ഒരു ദിവസം അവൾക്കൊരു സന്തോഷവാർത്ത കിട്ടി. അവൾക്കു കണ്ണുദാനം ചെയ്യാൻ
ഒരാൾ സന്നദ്ധനായി. ആ വാർത്ത കേട്ടു വീട്ടുക്കാർ സന്തോഷിച്ചു. സന്തോഷാ ധിക്യത്താൽ തുള്ളിച്ചാടേണ്ട ബാലികയ്ക്കാകട്ടെ ഒരു വികാര ഭേദവുമുണ്ടായില്ല.

അവർ പറഞ്ഞു, "എനിക്കു കണ്ണ് വേണ്ട. കണ്ണ് കിട്ടിയാൽ നിങ്ങൾ ഇന്ന് എന്നോട് കാണിക്കുന്ന സ്നേഹം നാളെ കാണിച്ചെന്നു വരില്ല." അന്ധത മാറ്റാൻ
അവസരം കിട്ടിയിട്ടും ആ കനകാവസരം ത്യജിച്ചു കൊണ്ട് സ്നേഹം സ്വായക്ത മാക്കാൻ അവൾ ആഗ്രഹിക്കുന്നു. കാഴ്ചശക്തിയേക്കാൾ വില സ്നേഹത്തിനു കല്പിക്കുന്നു.

കൃപ ഹന്ന ഷിജു

# അമ്മ

അനുഗ്രഹ ദീപമാണമ്മ മനം
അറിവിൻ പ്രകാശമായ്
പൂവിന്റെ മധുവുമായ്
സ്നേഹം വിളമ്പുന്ന അമ്മ കടൽ
അലിവോടെ പറയുവാൻ
നിറദീപ മഹത്വമായി
എന്നും ജ്വലിക്കുന്ന അമ്മ-
യെൻ ഹൃദയത്തിൽ നിറഞ്ഞിടട്ടേ
മാതൃ സ്നേഹത്തേക്കാൾ
മഹത്തായ സ്നേഹം എവിടെയുണ്ട്
അമ്മയാണെൻ ജീവൻ എന്ന്
പറയാത്ത മക്കൾ എവിടെയും കാണതില്ല

അതുല്യ

# നന്മ മരം



മുറ്റത്തുണ്ടൊരമ്മ മരം

എന്നമ്മ മരം

എൻ ജീവൻ മരം

എൻ പ്രാണനാം മരം

എൻ തണൽ മരം

എൻ വാത്സല്യ മരം

എന്നും നിഴലായ് എന്റെ മരം

ഐശ്വര ദീപമാണമ്മ മരം

കൈ കുട കീഴിൽ അറിവുകൾ

പകർന്നിട്ടും തോഴിയാം എന്നമ്മ മരം

അനുഭവ നൊമ്പരമമ്മ മരം

നിറ കുട പൂഞ്ചോലയമ്മ മരം

വഴി കാട്ടിയാകുമെന്നമ്മ മരം

സൗഹൃദ കൂട്ടായി വളരും മരം

ആർദ്ര 8c

# നന്ദി.......

# ശുഭം

little KITEs